(സി) ഷെഡ്യൂൾഡ് റേറ്റ് കാലാനുസൃതമായി പുതുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ)-(സി) 23.6.99-ലെ സർക്കാർ ഉത്തരവ് (അ)നം. 606/99/പി.ഡബ്ല്യു.ഡി. പ്രകാരം പൊതുമരാമത്ത് വകുപ്പിലെ ഷെഡ്യൂൾ റേറ്റ്സ് 1.7.99 മുതൽ പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

85 (1629) കരാറുകാർക്കുള്ള കുടിശ്ശിക

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമരാമത്ത് പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് എന്ത് തുക കൊടുക്കാൻ ഉണ്ടായിരുന്നു;

(ബി) ഈ തുക കരാറുകാർക്ക് കൊടുത്തുകഴിഞ്ഞോ;

(സി) ഇപ്പോൾ പൊതുമരാമത്ത് പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് എന്തു തുക കൊടുക്കാനുണ്ട്;

(ഡി) ഈ ബില്ലുകൾ എന്ന് മുതൽക്ക് കൊടുക്കാനുള്ളതാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ 64.40 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 112.67 കോടി രൂപയും കെട്ടിടങ്ങളും തദ്ദേശജോലികളും വിഭാഗത്തിൽ 1781.75 ലക്ഷം രൂപയും ദേശീയപാത വിഭാഗത്തിൽ 118.91 ലക്ഷം രൂപയും കരാറുകാർക്ക് കൊടുക്കാൻ ഉണ്ടായിരുന്നു.

(ബി) ഈ തുക കെട്ടിടങ്ങളും തദ്ദേശജോലികളും വിഭാഗത്തിൽ മാത്രം പൂർണ്ണമായി കൊടുത്തുകഴിഞ്ഞിട്ടില്ല.

(സി) ലെജിസ്ലേച്ചർ കോംപ്ലക്സ് വിഭാഗത്തിൽ 163 ലക്ഷം രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ 183.88 കോടി രൂപയും പദ്ധതിയിതരയിനത്തിൽ 297.94 കോടി രൂപയും കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തിൽ 5885 ലക്ഷം രൂപയും ദേശീയപാത വിഭാഗത്തിൽ 4,04,73,216 രൂപയും കൊടുക്കാനുണ്ട്.

(ഡി) ലെജിസ്ലേച്ചർ കോംപ്ലക്സ് വിഭാഗത്തിൽ 1998 ആഗസ്റ്റ് മുതലും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1997 മുതലുള്ള തുകയും കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തിൽ 1995-96 സാമ്പത്തികവർഷം മുതലും ദേശീയപാതാ വിഭാഗത്തിൽ 1998 മുതലും കൊടുക്കാനുള്ളതാണ്.

86 (1630) കായംകുളം മണ്ഡലത്തിലെ മരാമത്ത് പണികൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly